**പതിനാലാം കേരളനിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2115** 18/07/2016 -ൽ മറുപടി നല്കേണ്ടിയിരുന്നത്

**സേ പരീക്ഷാഫലം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഡി.കെ.മുരളി | | ശ്രീ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സേ (സേവ് എ ഇയർ) പരീക്ഷയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; ഏതെല്ലാം കോഴ്സുകൾക്കാണ് സേ ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (എ) വിദ്യാർത്ഥികൾക്ക് ഒരു വർഷം ഉപരിപഠനം നഷ്ടപ്പെടാതിരിക്കാനാണ് സേ (സേവ് എ ഇയർ) പരീക്ഷ നടത്തുന്നത്. എസ് എസ് എൽ സി, പ്ലസ് ടു, വി എച്ച് എസ് ഇ പരീക്ഷകൾക്ക് സേ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ വർഷത്തെ പ്ലസ് ടു പരീക്ഷാ റിസൾട്ട് പ്രസിദ്ധീകരിച്ചത് എന്നാണെന്നറിയിക്കുമോ; | (ബി) 12/05/2016-ൽ ഹയർ സെക്കണ്ടറിയുടെയും 10.05.2016-ൽ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറിയുടെയും റിസൾട്ട് പ്രസിദ്ധീകരിച്ചു. |
| (സി) | ഈ വർഷത്തെ പ്ലസ് ടു സേ പരീക്ഷ അവസാനിച്ചതും റിസൾട്ട് പ്രസിദ്ധീകരിച്ചതും എന്നാണെന്ന് വ്യക്തമാക്കുമോ; | (സി) സേ പരീക്ഷ ജൂൺ 15 ന് അവസാനിക്കുകയും പരീക്ഷാഫലം ജൂലൈ 11 ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. |
| (ഡി) | 2016-17 വർഷത്തെ ഡിഗ്രി പ്രവേശനത്തിനായി അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി എന്നായിരുന്നുവെന്നും അഡ്മിഷൻ ആരംഭിച്ചത് എന്നുമുതലാണെന്നും വിശദമാക്കുമോ; | (ഡി) കേരള സർവ്വകലാശാലയിൽ ഡിഗ്രി പ്രവേശനത്തിനായി അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 10.06.2016 ഉം കോളേജ് പ്രവേശനം 27.06.2016 നും ആയിരുന്നു. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടേത് യഥാക്രമം 09.06.2016 ഉം, 20.06.2016 ഉം, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടേത് യഥാക്രമം 13.06.2016 ഉം 08.07.2016 ഉം ആയിരുന്നു. |
| (ഇ) | സേ പരീക്ഷയുടെ റിസൾട്ട് യഥാസമയം പ്രസിദ്ധപ്പെടുത്താത്തതു | (ഇ) സേ പരീക്ഷയുടെ ഫലം സമയബന്ധിതമായി പ്രസിദ്ധീകരി |

കാരണം ഡിഗ്രി പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാൻ കഴിയാതെ പോയ കുട്ടികൾക്ക് ഒരു വർഷം നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ച്ചിട്ടുണ്ട്. റിസൾട്ട് വന്നതിനുശേഷം ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യമുണ്ട്.

സെക്ഷൻ ഓഫീസർ